## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3446 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയകേരളം പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീമതി ഇ.എസ്. ബിജിമോൾ**<br>**,, ഗീതാ ഗോപി**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**,, ഇ. ചന്ദ്രശേഖരൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) 'നിർഭയകേരളം' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഇതിനായി കേന്ദ്രഗവൺമെന്റിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം ലഭിച്ച സഹായം എത്രയാണെന്ന് അറിയിക്കുമോ ; | (എ) 'നിർഭയകേരളം' എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല. എന്നാൽ ''നിർഭയ''പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയ നിർഭയ ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് വിഹിതം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർഭയ ഫണ്ടിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് കത്ത് എഴുതിയിട്ടുണ്ട്. |
| (ബി) നിർഭയ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br>(സി) സ്ത്രീകൾക്കും കുട്ടികൾക്കും ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാം സുരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) & (സി)<br>സംസ്ഥാനത്ത് നിർഭയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. ആയതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• നിർഭയ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• പീഡനത്തിനിരയാകുന്നവർക്ക്, ഒരു കുടക്കീഴിൽ നിന്നും കൗൺസലിംഗ്, വൈദ്യ, നിയമ, പോലീസ്, സംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ സംസ്ഥാനത്ത് 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>• സ്കൂൾ തലത്തിൽ നിർഭയ പദ്ധതിയുടെ ഭാഗമായിട്ടുള്ള പരിശീലനങ്ങൾ നടത്തി വരുന്നു. |

| | |
|---|---|
| | • തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം,എറണാകുളം, വയനാട് കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ പുതിയ നിർഭയ ഷെൽട്ടർ ഹോമുകൾ പണിയുന്നതിനായി 2013-14 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരത്ത് 2013 ജനുവരി 23ന് ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>• പീഡനത്തിനിരയായവർക്ക് നിർഭയ പദ്ധതിയുടെ കീഴിൽ സാമ്പത്തിക സഹായം നൽകി വരുന്നു.<br>• പോക്സോ ആക്ട് 2012,ക്രിമിനൽ ലോ അമൻമെൻറ് ആക്ട് 2013 എന്നിവയെ സംബന്ധിച്ച പ്രചാരണവും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

ဎ